"ഭരണഭാഷ-മാതൃഭാഷ"

No.DWCD/278/2026-WEC2

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 31-01-2026
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## സർക്കുലർ

വിഷയം:- വനിത ശിശുവികസന വകുപ്പ്- വിധവകളുടെ, പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിയ്ക്കുന്ന മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം 'പടവുകൾ'- 2024-25, 2025-26 വർഷത്തേയ്ക്ക് അപേക്ഷകൾ ഓൺലൈൻ വെബ് സൈറ്റ് വഴി ക്ഷണിക്കുന്നത് - സംബന്ധിച്ച്:-

സൂചന:- 1. സ.ഉ.(സാധാ)നം. 722/2018/സാ.നീ.വം, തീയതി. 18.12.2018

2. 09/01/2026 ലെ WCD-A3/62/2023-WCD നം. സർക്കാർ കത്ത്

വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി, വിധവകളുടെ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മക്കളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുക എന്ന ഉദ്ദേശത്തോടെ 'പടവുകൾ' എന്ന ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതി 2018-19 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

2018-19 ന് ആരംഭിച്ച പടവുകൾ പദ്ധതി 2023-24 വർഷം വരെ മുടക്കം കൂടാതെ എല്ലാ വർഷങ്ങളിലും അപേക്ഷ ക്ഷണിച്ചിരുന്നു. എന്നാൽ 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ പടവുകൾ പദ്ധതി പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നില്ല. 2024-25 വർഷം മുതൽ പടവുകൾ പദ്ധതി പ്രകാരം അപേക്ഷ ക്ഷണിക്കാത്തത്, വിദ്യാർത്ഥികളുടെ പഠനം ആശങ്കയിലാക്കുമെന്നും, ആകയാൽ പദ്ധതി മാനദണ്ഡങ്ങൾ പരിഷ്കരിച്ച് പടവുകൾ പദ്ധതി തുടരുവാൻ അനുമതി നൽകണമെന്നും അഭ്യർത്ഥിച്ച് സർക്കാരിൽ പ്രൊപ്പോസൽ നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം പദ്ധതി മാനദണ്ഡങ്ങൾ പരിഷ്കരിച്ച് പടവുകൾ പദ്ധതി തുടരാവുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. പുതുക്കിയ പദ്ധതി മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. 2022-23 , 2023-24 വർഷത്തെ സർക്കാർ/എയ്ഡഡ്/സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികളായ മുഴുവൻ ഗുണഭോക്താക്കൾക്കും കോഴ്സ് പൂർത്തിയാകുന്നതു വരെ 2023-24 വരെയുള്ള മാനദണ്ഡങ്ങൾ ബാധകമാക്കാവുന്നതാണ്.

2. 2024-25, 2025-26 വർഷത്തെ അപേക്ഷകൾ 2025-26 വർഷം

Scanned with CamScanner

ക്ഷണിയ്ക്കാവുന്നതാണ്.

3. 2024-25 വർഷം മുതൽ പടവുകൾ പദ്ധതി പ്രകാരം പുതിയ അപേക്ഷകൾ ക്ഷണിയ്ക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ കീഴിൽ സർക്കാർ/എയ്ഡഡ് കോളേജുകളിൽ മെരിറ്റ് സീറ്റിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളെ മാത്രം പരിഗണിക്കാവുന്നതാണ്.

4. പൂർണ്ണമായും സ്വകാര്യ സ്ഥാപനങ്ങളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികളെ ഈ ആനുകൂല്യത്തന് യാതൊരു കാരണവശാലും പരിഗണിയ്ക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ടി പദ്ധതിയുടെ വിശദാംശങ്ങളും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും ചുവടെ ചേര്ക്കുന്നു.

**പദ്ധതി ധനസഹായം**

1. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന (എം.ബി.ബി.എസ്., എഞ്ചിനിയറിംഗ്, ബി.ഡി.എസ്., BHMS, BAMS എന്നിവയും, സംസ്ഥാന സർക്കാരിന്റെ കീഴിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ചിട്ടുള്ള പ്രൊഫഷണൽ കോഴ്സുകളും), വിധവകളുടെ മക്കളുടെ ട്യൂഷൻ ഫീസും, ഹോസ്റ്റലിൽ താമസിക്കുന്നവരാണെങ്കിൽ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള ഹോസ്റ്റൽ ഫീസും, മെസ്സ് ഫീസും നൽകുന്നു.
2. സെമസ്റ്റർ ഫീസാണെങ്കിൽ വർഷം 2 തവണയും വാർഷിക ഫീസാണെങ്കിൽ ഒറ്റത്തവണയായും ധനസഹായം ലഭിക്കും.
3. സർക്കാർ - സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ സർക്കാർ മെരിറ്റ് സീറ്റിൽ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവരും ആയിരിക്കണം.

**പദ്ധതി മാനദണ്ഡം**

1. 2022-23, 2023-24 വർഷത്തെ സർക്കാർ/എയ്ഡഡ്/സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികളായ മുഴുവൻ ഗുണഭോക്താക്കൾക്കും കോഴ്സ് പൂർത്തിയാകുന്നതു വരെ 2023-24 വരെയുള്ള മാനദണ്ഡങ്ങൾ ബാധകമാക്കാവുന്നതാണ്.
2. 2024-25 വർഷം മുതൽ പടവുകൾ പദ്ധതി പ്രകാരം പുതിയ അപേക്ഷകൾ ക്ഷണിയ്ക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ കീഴിൽ സർക്കാർ/എയ്ഡഡ് കോളേജുകളിൽ മെരിറ്റ് സീറ്റിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളെ മാത്രം പരിഗണിക്കാവുന്നതാണ്.
3. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സർവ്വകലാശാലകൾ എന്നിവ അംഗീകരിച്ചിട്ടുള്ളതും, സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്നതുമായ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നവരായിരിക്കണം.
4. കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ളതും, സംസ്ഥാന സർക്കാരിന്റെ

Scanned with CamScanner

അധികാര പരിധിയിൽ പ്രവർത്തിക്കുന്നതുമായ മറ്റ് പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവരായിരിക്കണം.

5. കുടുംബത്തിന്റെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.
6. കൂടുതൽ അപേക്ഷകർ ഉള്ളപക്ഷം പ്രവേശന പരീക്ഷയുടെ മാർക്ക്/പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതയുടെ മാർക്ക്, വാർഷിക വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിക്കുന്നതാണ്.
7. പഠിയ്ക്കുന്ന സ്ഥാപനത്തിലെ ട്യൂഷൻ ഫീസ്, (ഹോസ്റ്റലിൽ താമസിക്കുന്നവരാണെങ്കിൽ) ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവ സംബന്ധിച്ച വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടെ സാക്ഷ്യ പത്രവും തുക അടച്ചിട്ടുണ്ടെന്നുള്ള (തുക സഹിതം) അപേക്ഷകയുടെ സത്യവാങ്മൂലവും
8. സർക്കാർ തലത്തിൽ മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നവർ ഈ ധനസഹായത്തിന് അർഹരല്ല.
9. അങ്കണവാടി ജീവനക്കാർ, ആശാവർക്കർമാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാർ ഈ ആനുകൂല്യത്തന് അർഹരല്ല.
10. ധനസഹായ തുക അപേക്ഷകയുടെ(മാതാവിന്റെ) ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നു.
11. ധനസഹായം ലഭിക്കേണ്ട കുട്ടി വിധവയുടെ മകൾ/മകൻ ആയിരിക്കണം.
12. ഒരു കുടുംബത്തിലെ രണ്ട് വിദ്യാർത്ഥികൾക്ക് ധനസഹായത്തിന് അർഹരായിരിക്കും.
13. 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ അപേക്ഷിക്കുന്നവർ ഒരോ വർഷത്തിലേയ്ക്കുമുള്ള അപേക്ഷ പ്രത്യേകം സമർപ്പിക്കേണ്ടതാണ്.

<u>അപേക്ഷിക്കേണ്ട വിധം</u>

7. www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക
8. പൊതുജന പദ്ധതികൾ- അപേക്ഷാ പോർട്ടൽ എന്ന വെബ്പേജിൽ "എങ്ങനെ അപേക്ഷിക്കാം" എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക. പൊതുജന പദ്ധതികൾ അപേക്ഷാ പോർട്ടൽ എന്ന വെബ്പേജ് എങ്ങനെ പ്രവർത്തിക്കുന്നു എന്നും അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയെന്നും വിശദമാക്കിയുള്ള പേജ് തുറന്നു വരും. അതിലെ നിർദ്ദേശങ്ങൾ ശ്രദ്ധയോടെ പാലിച്ച് ക്ഷേമപദ്ധതികൾക്ക് അപേക്ഷിക്കാവുന്നതാണ്. യൂസർ മാന്വൽ www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.
9. ധനസഹായത്തിനുള്ള അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസർമാർ ഓൺലൈൻ വെബ് സൈറ്റ് വഴി മാത്രം 13.02.2026 വരെ സ്വീകരിക്കേണ്ടതാണ്. അപേക്ഷകൾ ഓഫ്ലൈൻ ആയി സ്വീകരിക്കാൻ പാടുള്ളതല്ല.
10. 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിലെ അപേക്ഷകരെ, ഓരോ വർഷവും ലഭിക്കുന്ന അപേക്ഷകൾ പ്രത്യേകം സോർട്ട് ചെയ്ത്, എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നതും ആവശ്യപ്പെട്ട എല്ലാ രേഖകളും ഉള്ള

Scanned with CamScanner

അപേക്ഷകൾ വ്യക്തമായ ശുപാർശയോടെ ഓൺലൈൻ ആയി 20.02.2026 നകം ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് നൽകേണ്ടതുമാണ്. ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളുടെ ലിസ്റ്റ് (മുൻഗണന അടിസ്ഥാനത്തിൽ തയ്യാറാക്കി) നിശ്ചിത പ്രൊഫോർമയിൽ ജില്ലാ കളക്ടർ അധ്യക്ഷനായുള്ള കമ്മിറ്റിയുടെ അംഗീകാരത്തോടെ 25.02.2026 ന് മുൻപ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ധനസഹായം അനുവദിച്ച് നൽകുന്നവരുടെ പേരും വിശദ വിവരവും ജില്ലാ വനിത ശിശു വികസന ഓഫീസർമാർ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

<u>കമ്മിറ്റിയുടെ ഘടന</u>

| | | |
|---|---|---|
| ജില്ലാ കളക്ടർ | - | അദ്ധ്യക്ഷൻ |
| 1. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ (ജില്ലാ പഞ്ചായത്ത്) | - | മെമ്പർ |
| 3. ഡി.എം.ഒ. | - | മെമ്പർ |
| 4. ജില്ലാ ഇൻഫർമേഷൻ ഓഫീസർ | - | മെമ്പർ |
| 5. പ്രിൻസിപ്പാൾ (സർക്കാർ/ എയ്ഡഡ് കോളേജ്) | - | മെമ്പർ |
| 6. ജില്ലാ വനിത ശിശു വികസന ഓഫീസർ | - | കൺവീനർ |

വനിത ശിശു വികസന ഡയറക്ടർ

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

പകർപ്പ്:

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ,
3. ഡയറക്ടറുടെ സി.എ.
4. സ്റ്റോക്ക് ഫയൽ/ സ്പെയർ

Scanned with CamScanner

വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായത്തിനുള്ള അപേക്ഷയിൽ ഓൺലൈൻ വെബ് സൈറ്റ് വഴി രേഖപ്പെടുത്തേണ്ടവ

| | | | | | |
|---|---|---|---|---|---|
| 1 | അപേക്ഷകയുടെ പേരും മേൽവിലാസവും (പിൻകോഡ് ഉൾപ്പെടെ) | | | | |
| 2 | അപേക്ഷകയുടെ ആധാർ നം. | | | | |
| 3 | ഫോൺ നമ്പർ | | | | |
| 4 | വിദ്യാഭ്യാസ ധനസഹായം ലഭിക്കേണ്ട കുട്ടിയുടെ പേരും ജനന തീയതിയും, ആധാർ നമ്പരും | | | | |
| 5 | പഠിക്കുന്ന സ്ഥാപനത്തിന്റെ പേരും മേൽ വിലാസവും | | | | |
| 6 | പഠിക്കുന്ന കോഴ്സിന്റെ പേര്, ആകെ പഠിക്കേണ്ട വർഷം | | | | |
| 7 | ഇപ്പോൾ പഠിക്കുന്ന വർഷം | | | | |
| 8 | സർക്കാർ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ചതാണോ? | | | | |
| 9 | പ്രവേശന പരീക്ഷയുടെ റാങ്ക് നം., പ്രവേശന പരീക്ഷയുടെ പേര് | | | | |
| 10 | പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതയുടെ മാർക്ക് (+2, ഡിഗ്രി etc.) | | ആകെ മാർക്ക് | ലഭിച്ച മാർക്ക് | എത്ര ശതമാനം മാർക്ക് ലഭിച്ചു |
| | | | | | |
| 11 | ഒരു വർഷത്തേയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് എത്ര? | | | | |
| 12 | പ്രതിമാസ ഹോസ്റ്റൽ ഫീസ് (മെസ് ഉൾപ്പെടെ) എത്ര? | | | | |
| 13 | അപേക്ഷകയുടെ ബാങ്ക് അക്കൗണ്ട് നം., ബ്രാഞ്ച്, IFSC | | | | |
| 14 | സർക്കാരിൽ നിന്നും മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നുണ്ടോ? | | | | |
| 15 | പഠനാവശ്യത്തിനായി മറ്റേതെങ്കിലും ധനസഹായം തൻവർഷത്തേയ്ക്ക് ലഭിച്ചിട്ടുണ്ടോ?/ ലഭിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം | | | | |
| 16 | വാർഷിക വരുമാനം | | | | |

Scanned with CamScanner

## അപേക്ഷക അപ് ലോഡ് ചെയ്യേണ്ട സാക്ഷ്യപത്രങ്ങൾ

### 1.വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടെ സാക്ഷ്യപത്രം

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . എന്ന കുട്ടി ഈ സ്ഥാപനത്തിൽ സർക്കാർ മെരിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ളതും പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ . . . . . . . . . . . . . . . . . . . . . . ആയി ഉൾപ്പെട്ടിരുന്നതുമാണ്. നിലവിൽ ഈ കുട്ടി . . . . . . . . . . . . . . . . . . . . . . . . . . . . . എന്ന കോഴ്സിന് . . . . . . . . . . . . . . . . . . . . . വർഷം പഠിക്കുകയാണെന്നും ടിയാളുടെ വാർഷിക ഫീസ് . . . . . . . . . . . . . . . . രൂപയും ഹോസ്റ്റൽ ഫീസ് . . . . . . . . . . . രൂപയും, മെസ് ഫീസ് .............. രൂപയും ആണെന്നും ടിയാൾക്ക് സർക്കാർ തലത്തിൽ നിന്നും സ്കോളർഷിപ്പുകൾ ഒന്നും ഈ സ്ഥാപനം വഴി ലഭിക്കുന്നില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടേ ഒപ്പ്:

തീയതി:

പേര്:

(സീൽ)

Scanned with CamScanner

## 2. സാക്ഷ്യപത്രം

................. വർഷം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . കോളേജിൽ. . . . . . . . . . . . . . വർഷം. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . കോഴ്സിന് പഠിച്ചിരുന്ന എന്റെ മകൻ/ മകൾ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . ക്ക്/ന് പടവുകൾ പദ്ധതി പ്രകാരം . . . . . . . . . . . . . . . . . . . . . . രൂപ ധനസഹായം ലഭിച്ചത് മകന്റെ/ മകളുടെ .....................വർഷത്തെ ട്യൂഷന് ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ്സ് ഫീസ് ആയി അടച്ച . . . . . . . . . . . . . . . . . . . . . . രൂപയിൽ നിന്നും അധികരിച്ചിട്ടില്ലെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: അപേക്ഷകയുടെ ഒപ്പ്:

തീയതി: പേര്:

(സീൽ)

## 3. സാക്ഷ്യപത്രം

എന്റെ മകൻ/മകൾ............................... വർഷം...................................................... ......................................................................കോളേജിൽ...................................... വർഷം ........................................................................................................................... കോഴ്സിന് പഠിയ്ക്കുകയാണെന്നും ടിയാളുടെ ട്യൂഷൻ ഫീസ് ................................ രൂപയും ഹോസ്റ്റൽ ഫീസ് ........................ രൂപയും, മെസ് ഫീസ് ................................ രൂപയും ആണെന്നും, ടിയാൾക്ക് സർക്കാർ തലത്തിൽ നിന്നും സ്കോളർപ്പുകൾ ഒന്നും ലഭിക്കുന്നില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: അപേക്ഷകയുടെ ഒപ്പ്:

തീയതി: പേര്:

Scanned with CamScanner

## ശിശു വികസന പദ്ധതി ഓഫീസർ അപ്‌ലോഡ് ചെയ്യേണ്ട സാക്ഷ്യപത്രങ്ങൾ

### ശിശു വികസന പദ്ധതി ഓഫീസറുടെ ശുപാർശ

ശ്രീമതി ........................................................ വിധവയാണെന്നും ടിയാളുടെ മകൻ /മകൾ സർക്കാർ മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ചിട്ടുള്ളതും സ.ഉ.(സാധാ) നം. .................. തീയതി. .......... മാനദണ്ഡങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുണ്ട് എന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി:

ശിശു വികസന പദ്ധതി ഓഫീസർ

(സീൽ)

Scanned with CamScanner

## ധനസഹായത്തിന് അപേക്ഷിക്കേണ്ട വിധവും ഹാജരാക്കേണ്ട രേഖകളും

1. www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ് ശിശു വികസന പദ്ധതി ഓഫീസർക്ക് അപേക്ഷിക്കേണ്ടത്
2. കോഴ്സ്, ഫീസ് സംബന്ധിച്ച അപേക്ഷയോടൊപ്പമുള്ള സാക്ഷ്യപത്രം (സ്ഥാപന മേധാവി, അപേക്ഷക എന്നിവർ സാക്ഷ്യപ്പെടുത്തിയത്)
3. വിദ്യാർത്ഥിയുടെ മാതാവ് വിധവയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അസ്സൽ(വില്ലേജ് ഓഫീസർ നൽകുന്നത്)
4. വരുമാന സർട്ടിഫിക്കറ്റിന്റെ അസ്സൽ
5. പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (മാർക്ക് ലിസ്റ്റ് ഉൾപ്പെടെ)
6. ധനസഹായം ലഭിച്ച തുക മേൽപ്പറഞ്ഞവയുടെ ആകെ തുകയിൽ നിന്നും അധികരിക്കുന്നില്ല എന്ന അപേക്ഷകയുടെ സാക്ഷ്യപത്രം.

Scanned with CamScanner